Website: www.keralapsc.gov.in

E-Mail: doknr.psc@kerala.gov.in
Telephone: 0497-2700482

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കണ്ണൂർ**

നമ്പർ C II (4) 2047/09

കണ്ണൂർ,
18.01.2025

## ക്വട്ടേഷൻ നോട്ടീസ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസിൽ ഉപയോഗിക്കുന്ന ഔദ്യോഗിക വാഹനത്തിന്റെ (മഹീന്ദ്ര ബൊലേറോ ജീപ്പ് ) 6 (ആറ് ) പഴയ ടയറുകൾ **31.01.2025** തീയ്യതിയിൽ മത്സരാധിഷ്ഠിത ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ് .

### *നിബന്ധനകൾ*

1) ക്വട്ടേഷനുകൾ സമർപ്പിക്കുവാൻ താല്പര്യമുള്ളവർക്ക് 30.01.2025 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് പരിസരത്ത് സൂക്ഷിച്ചിട്ടുള്ള ലേല സാമഗ്രികൾ നേരിട്ട് പരിശോധിക്കാവുന്നതാണ്.
2) മുദ്ര വെച്ച ക്വട്ടേഷനുകൾ ജില്ലാ ഓഫീസർ , കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ , ജില്ലാ ഓഫീസ് , കണ്ണൂർ എന്ന വിലാസത്തിൽ 31.01.2025 ന് വൈകുന്നേരം 4 മണിക്കുള്ളിൽ ഈ ഓഫീസിൽ ലഭിക്കത്തക്ക വിധം തപാൽ മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്.
3) ക്വട്ടേഷനടങ്ങിയ കവറുകളിൽ ***' പഴയ ടയറുകളുടെ ലേലം - ക്വട്ടേഷൻ '*** എന്ന് രേഖപ്പെടുത്തേണ്ടതാണ്.
4) നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.
5) 31.01.2025 തീയ്യതി ഉച്ചയ്ക്ക് ശേഷം 4.30 മണിയ്ക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തികളുടെ ക്വട്ടേഷൻ സ്വീകരിച്ച് ബന്ധപ്പെട്ട ലേല സാമഗ്രികൾ നൽകുന്നതായിരിക്കും. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുക 10 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ ഇ ചലാൻ മുഖേന അടക്കേണ്ടതും ലേല സാമഗ്രികൾ കൈപ്പറ്റേണ്ടതുമാണ്.
6) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫിസ് ജീവനക്കാർക്ക് ക്വട്ടേഷനുകൾ സമർപ്പിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

7) ക്വാട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും .

8) കൂടുതൽ വിവരങ്ങൾക്ക് 04972700482 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Sd/-
മുകേഷ് പരുപറമ്പത്ത്
ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, കണ്ണൂർ.

പകർപ്പ്

1) 2) എൻക്വയറി 2) വെബ്സൈറ്റ് 3) നോട്ടീസ് ബോർഡ്